# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2184** **13.06.2019 - ൽ മറുപടിക്ക്.**

## റേഷൻ കടക്കാർക്ക് വരുമാന പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി സി.കെ. ആശ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് റേഷൻ കടക്കാർക്ക് നിശ്ചിത വരുമാനം ഉറപ്പുവരുത്തുന്നതിന് പ്രത്യേക പാക്കേജ് കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ; | **(എ)** ഉണ്ട്. 44 ക്വിന്റൽ വരെ പ്രതിമാസ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് സപ്പോർട്ടീവ് പേയ്മെന്റ് ഉൾപ്പെടെ 18,000/- രൂപ അടിസ്ഥാന കമ്മീഷൻ ലഭിക്കുന്ന രീതിയിൽ പുതിയ കമ്മീഷൻ പാക്കേജ് 01.12.2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം 45 ക്വിന്റലിന് മുകളിൽ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിയ്ക്ക് 18,000/- രൂപയ്ക്ക് പുറമേ അധികമായി വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180/- രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതായിരിക്കും. |
| **(ബി)** റേഷൻ കടകൾക്ക് സംസ്ഥാനത്തെമ്പാടും ഏകീകൃത രൂപവും ഭാവവും കൊണ്ടുവന്നോയെന്ന് അറിയിക്കുമോ; | **(ബി)** റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെ ' പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്.<br>1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.<br>2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/ വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.<br>3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.<br>4) ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക. |

| | | | |
|---|---|---|---|
| (സി) | റേഷൻകടയിൽ ധാന്യങ്ങൾ എത്തുന്ന വിവരവും ഉപഭോക്താവിന്റെ പ്രതിമാസ വിഹിതവും ഫോണിൽ ലഭ്യമാകുന്ന സംവിധാനം പൂർണ്ണമായോയെന്നറിയിക്കുമോ; | (സി) | റേഷൻ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുളള പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുളള SMS സന്ദേശങ്ങൾ റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്തിട്ടുളള മൊബൈൽ നമ്പരുകളിലേക്ക് അയയ്ക്കുന്നതിനായി 2017 ആഗസ്റ്റ് മാസം മുതൽ കേന്ദ്രസർക്കാർ സ്ഥാപനമായ C-DAC ന്റെ Mobile Service Delivery Gateway (https://services.mgov.gov.in) ഉപയോഗിച്ച് വരുന്നു. നാളിതുവരെ 67.83 കോടി SMS ഗുണഭോക്താക്കൾക്ക് അയച്ചിട്ടുണ്ട്.<br>ഇതിന് പുറമേ, സിവിൽ സപ്ലൈസ് വകുപ്പിന്റെ Official facebook page ആയ "Department of Food & Civil Supplies, Kerala" ൽ പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുളള അറിയിപ്പ് നൽകുന്നുമുണ്ട്. |
| (ഡി) | റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | റേഷൻകട വഴി വിതരണം ചെയ്യുന്നതിനായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (എഫ്.സി.ഐ)-യിൽ നിന്നും ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ അധികൃതർ ഉറപ്പ് വരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേക്കും അവിടെനിന്നും റേഷൻ കടകളിലേക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിൽ ഉളള ഭക്ഷ്യ ധാന്യങ്ങൾ തന്നെയാണ് ലഭ്യമാകുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.കളും ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും FIFO (First in First Out method) കർശനമായി പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**